പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2038 — 18.06.2013 ൽ മറുപടിക്ക്

# എടവണ്ണപ്പാറ സെക്ഷനു കീഴിൽ വാഴക്കാട് 1000 കെ.വി. പവർ അലോക്കേഷൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.മുഹമ്മദുണ്ണി ഹാജി. | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി) |
| (എ) എടവണ്ണപ്പാറ സെക്ഷനുകീഴിൽ വാഴക്കാട് ഏതെങ്കിലും കമ്പനി പണമടച്ച് 1000 കെ.വി.പവർ അലോക്കേഷന് വേണ്ടി അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ; | (എ) കെ എ ലാറ്റക്സ് എന്ന കമ്പനി 1000 കെ.വി. പവർ അലോക്കേഷനു വേണ്ടി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |
| (ബി) എങ്കിൽ എത്ര തുക അടച്ചുവെന്നും എന്നാണ് പണമടച്ചതെന്നും വ്യക്തമാക്കുമോ; | (ബി) 28/01/2008-ന് 21,05,913/- രൂപ അടച്ചിട്ടുണ്ട്. |
| (സി) ഇതിനുവേണ്ട 11 കെ.വി. ലൈനിന്റെ പ്രവൃത്തി പൂർത്തിയാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് കാലയളവിൽ ചെയ്തു എന്ന് വ്യക്തമാക്കുമോ; | (സി) 25/10/2011-ന് പൂർത്തിയാക്കിയിട്ടുണ്ട്. |
| (ഡി) നിലവിലുള്ള കെ.എസ്.ഇ.ബി ചട്ടമനുസരിച്ച് ഇത്തരം പ്രവൃത്തിയുടെ കണക്ഷൻ ചാർജ്ജ് ചെയ്യുന്നതിനും; കണക്ഷൻ സ്വീകരിക്കാതിരുന്നാലുള്ള വ്യവസ്ഥകളും എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ? | (ഡി) സപ്ലൈകോഡ് 2005-ലെ 10-ാംവകുപ്പ് പ്രകാരം ലൈസൻസി അപേക്ഷകന് കണക്ഷൻ കൊടുക്കുവാൻ വേണ്ട പ്രവൃത്തി പൂർത്തിയാക്കി കഴിഞ്ഞാൽ എച്ച് റ്റി ഉപഭോക്താവാണെങ്കിൽ 90 ദിവസത്തിനകം കണക്ഷൻ എടുക്കുവാനുള്ള നോട്ടീസ് നൽകുകയും പ്രസ്തുത കാലാവധിയ്ക്കകം അപേക്ഷകൻ കണക്ഷൻ എടുത്തിട്ടില്ലെങ്കിൽ |

(. . . . . . 2)

| | |
|---|---|
| | നിലവിലുള്ള താരിഫിന്റെ മിനിമം ചാർജ്ജ് കണക്ഷനെടുക്കുന്നതുവരെ ഈടാക്കാനും വ്യവസ്ഥയുണ്ട്. |
| (ഇ) പ്രസ്തുത കമ്പനിയുടെ കാര്യത്തിൽ ഈ വ്യവസ്ഥ പാലിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ഇ) പ്രവൃത്തി പൂർത്തിയാക്കിയതിനുശേഷം കണക്ഷനെടുക്കുന്നതിന് അപേക്ഷകന് നോട്ടീസ് നൽകിയിരുന്നു. എന്നാൽ പ്രകൃതിക്ഷോഭത്തിൽ കെട്ടിടം ഭാഗികമായി നശിച്ചുവെന്നും കണക്ഷനെടുക്കാൻ 10 മാസത്തെ സമയദൈർഘ്യം വേണമെന്നും ആവശ്യപ്പെട്ടിരുന്നു. നാളിതുവരെ പ്രസ്തുത പണി പൂർത്തിയാക്കി കണക്ഷനെടുക്കുവാനുള്ള അപേക്ഷ അപേക്ഷകൻ നൽകിയിട്ടില്ല. കണക്ഷന് അപേക്ഷിക്കുന്ന സമയത്ത് നിയമ പ്രകാരമുള്ള തുക അപേക്ഷകനിൽ നിന്നും ഈടാക്കിയതിനുശേഷം മാത്രമേ തുടർ നടപടികൾ സ്വീകരിയ്ക്കുകയുള്ളൂ. |
| (എഫ്) കമ്പനി കണക്ഷൻ സ്വീകരിച്ചിട്ടില്ലെങ്കിൽ മറ്റ് ഉപഭോക്താക്കൾക്ക് ഇതിൽ നിന്നും കണക്ഷൻ നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (എഫ്) നടപടി സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ